LIBRARY ARCHIVES Kerala Legislative Assembly

പൊതുസ്ഥലങ്ങളിൽ വൈഫൈ സംവിധാനം

241 (4232) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമാനത്താവളങ്ങളും റയിൽവേ സ്റ്റേഷനുകളും ബസ് സ്റ്റാന്റുകളും ഉൾപ്പെടുയുള്ള പൊതുസ്ഥലങ്ങളിൽ വൈഫൈ സംവിധാനം ലഭ്യമാണോ;

(ബി) ഇത്തരം സംവിധാനം ഒരുക്കുന്നത് വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് ഉപകാരപ്രദമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും പൊതുസ്ഥലങ്ങളിലും വിനോദ സഞ്ചാരകേന്ദ്രങ്ങളിലും സൗജന്യ വൈഫൈ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിമാനത്താവളങ്ങളും റയിൽവേ സ്റ്റേഷനുകളും ബസ് സ്റ്റാന്റുകളും ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ സംസ്ഥാന സർക്കാർ വൈഫൈ സംവിധാനം ലഭ്യമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) പൈലറ്റ് പദ്ധതി എന്ന അടിസ്ഥാനത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വൈഫൈ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ആയത് നടപ്പിലാക്കി അതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം മാത്രമേ മറ്റ് സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ

242 (4233) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ&ബി) 26-9-2014-ലെ സർക്കാർ ഉത്തരവ് നമ്പർG.O.(Rt) NO.210/2014/ITD പ്രകാരം പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങളും മുനിസിപ്പാലിറ്റിയിൽ പരമാവധി 6 അക്ഷയകേന്ദ്രങ്ങളും തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. കോർപ്പറേഷനിൽ ജനസാന്ദ്രതയും കോർപ്പറേഷന്റെ ശിപാർശയും കണക്കിലെടുത്തുമാണ് ടി ഉത്തരവ് പ്രകാരം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള കുറഞ്ഞ ദൂരപരിധി 2 കി. മീ. ആയിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ടെക്നോപാർക്കിലെ വാടകക്കുടിശ്ശിക

243 (4234) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് അധീനതയിലുള്ള കഴക്കൂട്ടം ടെക്നോപാർക്കിൽ വിവിധ കമ്പനികൾക്കും റെസ്റ്റോറന്റുകൾക്കും ഈടാക്കുന്ന മാസവാടക സ്ക്വയർ ഫീറ്റിന് എത്രയെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ പ്രവർത്തനമില്ലാത്ത റെസ്റ്റോറന്റുകൾക്ക് വാടക കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടെക്നോപാർക്കിൽ കെട്ടിടവാടക കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരം അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ബി)പ്രവർത്തനമില്ലാത്ത റെസ്റ്റോറന്റുകൾ വാടകയ്ക്കെടുക്കുന്നതിന് പുതിയ വ്യക്തികളും സ്ഥാപനങ്ങളും തയ്യാറായി വരുന്നതിനാൽ ഈ വിഷയം ഉദിക്കുന്നില്ല

(സി)വിവരം അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.*

മിഷൻ 676-ൽ ഉൾപ്പെടുത്തി ഐ.ടി. മേഖലയിലെ പദ്ധതികൾ

244 (4235) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഐ.ടി. മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly